നമ്പർ. എച്ച്(1)/44873/09/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,.
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം 12
തീയതി : 15/09/2009

വിജ്ഞാപനം

വിഷയം :- പൊതുവിദ്യാഭ്യാസം - 2010-ലെ യു.എസ്.എസ് പരീക്ഷയും ഗിഫ്റ്റഡ് ചിൽഡ്രൻ സ്ക്രീനിംഗ് ടെസ്റ്റും സംയോജിപ്പിച്ച് നടത്തുന്നത് - സംബന്ധിച്ച്.

സൂചന :- (1) വിദ്യാഭ്യാസ ഡയറക്ടറുടെ പി.എൽ. 3/66073/2001 തീയതി 01/11/2001 നമ്പർ കത്ത്

(2) വിദ്യാഭ്യാസ ഡയറക്ടറുടെ പി.എൽ. 3/631481/2006 തീയതി 08/01/2006 നമ്പർ കത്ത്

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അംഗീകൃത വിദ്യാലയങ്ങളിൽ ഏഴാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സമർത്ഥരായവരെ കണ്ടെത്തി ഹൈസ്കൂൾതല പഠനം സ്കോളർഷിപ്പ് നൽകി പ്രോത്സാഹിപ്പിക്കുന്നതിന് യു.എസ്.എസ്. പരീക്ഷയും അസാധാരണ ബുദ്ധിവൈഭവവും നല്ല പഠന നിലവാരവുമുള്ള കുട്ടികളെ കണ്ടെത്തി മൂന്ന് വർഷക്കാലം തുടർച്ചയായി വിദ്യാലയേതര അക്കാദമിക സഹായം നൽകുന്നതിനുള്ള പ്രതിഭാ നിർണ്ണയത്തിന് സ്ക്രീനിംഗ് ടെസ്റ്റ് പരീക്ഷയും നടത്തപ്പെടുന്നു.

സംസ്ഥാനത്തെ ഓരോ ഉപജില്ലയ്ക്കും ഒരു പരീക്ഷാകേന്ദ്രം വീതം ഉണ്ടായിരിക്കും. കുട്ടികളുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ ഒരു ഉപകേന്ദ്രം കൂടി അനുവദിക്കും. പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്ത സ്കൂളിലെ പ്രഥമ അദ്ധ്യാപകൻ തന്നെയായിരിക്കും ചീഫ് സൂപ്രണ്ട്. ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുമായി ആലോചിച്ച് അതാത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ 2009 ഒക്ടോബർ 13-ാം തീയതിക്കകം പരീക്ഷാകേന്ദ്രങ്ങൾ പ്രഖാപിക്കേണ്ടതാണ്. ഓരോ പരീക്ഷാ കേന്ദ്രത്തിന്റെയും പേര്, ഉപജില്ല, സ്കൂൾ സ്ഥിതി ചെയ്യുന്ന ബ്ളോക്ക്, ഫോൺ നമ്പർ (എസ്.റ്റി.ഡി കോഡ് സഹിതം) തുടങ്ങിയ വിവരങ്ങൾ 2009 ഒക്ടോബർ 25ന് മുമ്പ് പരീക്ഷാ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

2010 ജനുവരി മാസം 30-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെയും 1 മണി മുതൽ 3 മണി വരെയും ആയിരിക്കും പരീക്ഷ നടത്തുന്നത്. പരീക്ഷ തുടങ്ങി 10 മിനിട്ടിലധികം താമസിച്ചു ഹാജരാകുന്ന കുട്ടികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസുകളിൽ നിന്ന് ലഭിക്കുന്ന ഫാറത്തിൽ അർഹരായ കുട്ടികളെ രജിസ്ട്രേഷൻ നടത്തി 2009 നവംബർ 10 ന് മുൻപ് ഓരോ പ്രധാന അദ്ധ്യാപകനും ബന്ധപ്പെട്ട പരീക്ഷാകേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. 2009-10 അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത വിദ്യാലയങ്ങളിൽ ഏഴാം തരത്തിൽ പഠിക്കുന്നവരും അർദ്ധവാർഷിക മൂല്യനിർണ്ണയത്തിൽ ബി ഗ്രേഡോ അതിനു

മുകളിലോ ഗ്രേഡ് നേടിയവരും ആയ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കും. പരീക്ഷാഫീസ് 10 രൂപ (എസ്.സി./എസ്.ടി വിഭാഗത്തിന് 5 രൂപ). ഇപ്രകാരം രജിസ്ട്രേഷൻ നടത്തി സ്കൂളുകളിൽ നിന്നും ലഭിക്കുന്ന ഫോറങ്ങൾ 2009 നവംബർ 13 ന് ചീഫ് സൂപ്രണ്ടുമാർ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ എത്തിക്കുന്നതോടൊപ്പം ഫീസിനത്തിൽ ലഭ്യമായ തുക ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ ഏൽപ്പിക്കേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ രജിസ്റ്റർ ചെയ്യപ്പെട്ട പരീക്ഷാർത്ഥികളുടെ ലിസ്റ്റ് 2009 നവംബർ 24 ന് മുമ്പായി ലഭിക്കത്തക്ക വിധത്തിൽ പരീക്ഷാ സെക്രട്ടറിയുടെ പേർക്ക് അയച്ചു തരേണ്ടതുമാണ്. **തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ പഠിക്കുന്ന വിദ്യാലയം സ്ഥിതിചെയ്യുന്ന റവന്യൂ ബ്ളോക്കിന്റെ പേര് കൂടി രേഖപ്പെടുത്തണം. അയയ്ക്കുന്ന കവറിനു മുകളിൽ "യു.എസ്.എസ്. - 2010" എന്ന് ചുവന്ന മഷിയിൽ എഴുതേണ്ടതാണ്.** 2009 നവംബർ 24-ന് ശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ ഫാറങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. വീഴ്ച വന്നാൽ ടി സ്ഥാപനത്തിന്റെ മേലധികാരിയായിരിക്കും ഉത്തരവാദി.

യു.എസ്.എസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യപ്പെട്ട പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ ലിസ്റ്റ് അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 2009 ഡിസംബർ 22-ാം തീയ്യതിക്കകം എത്തിക്കുന്നതാണ്. ഇവ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിന്നും ഏറ്റുവാങ്ങി പരീക്ഷാകേന്ദ്രം ചീഫ് സൂപ്രണ്ടുമാരെ ഏൽപ്പിക്കേണ്ടതാണ്. ചീഫ് സൂപ്രണ്ടുമാർ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ ഹാൾ ടിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

താഴെപ്പറയുന്ന വിധം ആയിരിക്കും ചോദ്യപേപ്പറിന്റെ ഉള്ളടക്കം.

തീയതി, സമയം	വിഷയം	മാർക്ക്
30/01/2010 ശനിയാഴ്ച രാവിലെ 10.00 മുതൽ 12.00 വരെ **പേപ്പർ I**	സംയോജിത ശാസ്ത്രം പൊതുവിജ്ഞാനം	80 20 } 100
ഉച്ചയ്ക്കുശേഷം 1.00 മുതൽ 3.00 വരെ **പേപ്പർ II**	ഗണിതം **ഒന്നാം ഭാഷ** - മലയാളം/തമിഴ്/കന്നട/ അറബി/ ഉറുദു/ സംസ്കൃതം **രണ്ടാം ഭാഷ** - ഇംഗ്ളീഷ് മന:ശാസ്ത്രപരവും പ്രശ്നപരിഹാര സംബന്ധിയുമായ ചോദ്യങ്ങൾ	40 20 40 } 100

ഒന്നാം ഭാഷാ വിഭാഗത്തിലെ ചോദ്യങ്ങൾ മലയാളം, തമിഴ്, കന്നട, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിൽ നിന്നായിരിക്കും. ഇവയിൽ ഏതെങ്കിലും ഒരു ഭാഷ തെരഞ്ഞെടുക്കാവുന്നതാണ്. രണ്ടാം ഭാഷ ഇംഗ്ളീഷ് ആയിരിക്കും. ഓരോ പേപ്പറിനും 50 വീതം ചോദ്യങ്ങളാണുണ്ടാവുക. ഓരോ ചോദ്യത്തിനും പരമാവധി 2 മാർക്കായി നിജപ്പെടുത്തിയിരിക്കുന്നു. ചോദ്യപേപ്പറിന് ഒപ്പമുള്ള പ്രത്യേക ഉത്തരപേപ്പറിൽ ഉത്തരം രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷയ്ക്ക് ലഭിക്കുന്ന ആകെ സ്കോറിന്റെ അടിസ്ഥാനത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും പരമാവധി 120 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. അർഹതാലിസ്റ്റിലെ അവസാന സ്ക്കോറിന് തുല്യത നേടിയ എല്ലാവർക്കും സ്കോളർഷിപ്പ് അർഹത ഉണ്ടായിരിക്കും. എന്നാൽ പരീക്ഷയിൽ 50% സ്കോർ എങ്കിലും നേടിയവർക്കേ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് ബ്ളോക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കി ഓരോ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറും അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന പരീക്ഷാ സെക്രട്ടറിയുടെ പേർക്ക് അയയ്ക്കേണ്ടതാണ്. സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സർട്ടിഫിക്കറ്റും നൽകുന്നതാണ്. **ഉത്തരപേപ്പറുകൾ പരീക്ഷാ സെക്രട്ടറിക്ക് അയയ്ക്കുമ്പോൾ എ.ഇ.ഒ. കോഡ്, ഉപജില്ലയുടെ പേര് എന്നിവ കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതാണ്.**

ഗിഫ്റ്റഡ് ചിൽഡ്രൻ സ്ക്രീനിംഗ് ടെസ്റ്റ് 2010 നടത്തുന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ

ഗിഫ്റ്റഡ് ചിൽഡ്രനെ കണ്ടെത്തുന്നതിനായി യു.എസ്.എസ് പരീക്ഷയോടനുബന്ധിച്ച് ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നതിന് സൂചന (2) പ്രകാരം തീരുമാനിച്ചിരിക്കുന്നു. **2010 ജനുവരി 23-ാം** തീയതി വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന ഈ സ്ക്രീനിംഗ് ടെസ്റ്റിൽ യു.എസ്.എസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് താൽപ്പര്യമുള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. ഈ പരീക്ഷ ഓപ്ഷണൽ ആണ്.ഈ പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും 2010-11 അദ്ധ്യയന വർഷം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് വിദ്യാലയങ്ങളിൽ 8-ാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളെ പ്രതിഭാധനർക്കായുള്ള പരിശീലന പരിപാടിക്ക് തെരഞ്ഞെടുക്കുന്നത്.

പരീക്ഷാ കേന്ദ്രവും രജിസ്റ്റർ നമ്പരും യു.എസ്.എസ്. പരീക്ഷയുടേത് തന്നെ ആയിരിക്കും. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. പരീക്ഷയുടെ പേര് - **ഗിഫ്റ്റഡ് ചിൽഡ്രൻ സ്ക്രീനിംഗ് ടെസ്റ്റ് - 2010**

II. തീയതിയും സമയവും - **23/01/2010 ശനിയാഴ്ച**
രാവിലെ 11.00 മുതൽ 12.00 മണിവരെ

III. വിഷയങ്ങൾ

1. മെന്റൽ എബിലിറ്റി - 50 സ്കോറിന് 20 മിനിട്ട് സമയം
2. ന്യൂമെറിക്കൽ എബിലിറ്റി - 30 സ്കോറിന് 20 മിനിട്ട് സമയം
3. പൊതുവിജ്ഞാനം/കോംബ്രിഹെൻഷൻ - 10 സ്കോറിന് 10 മിനിട്ട് സമയം
4. ഭാഷ - 10 സ്കോറിന് 10 മിനിട്ട് സമയം

ആകെ - 100 സ്കോർ. 1 മണിക്കൂർ സമയം.

യു.എസ്.എസ് പരീക്ഷയുടെ ഫോമുകൾ ഈ പരീക്ഷയ്ക്ക് ഉപയോഗിക്കാവുന്നതാണ്. സ്ക്രീനിംഗ് ടെസ്റ്റ് എഴുതുന്നതിന് താൽപര്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കേണ്ടതില്ല. പകരം യു.എസ്.എസ് പരീക്ഷാർത്ഥികളുടെ ലിസ്റ്റിൽ കൊടുത്തിട്ടുള്ള പ്രത്യേക കോളത്തിൽ സ്ക്രീനിംഗ് ടെസ്റ്റ് എഴതുതുന്നു ണ്ടെങ്കിൽ അതുകൂടി രേഖപ്പെടുത്തിയാൽ മതിയാകും. പരീക്ഷാഫീസ് 5 (അഞ്ച്) രൂപ പ്രകാരം രജിസ്ട്രേഷൻ നടത്തി സ്കൂളുകളിൽ നിന്നും ലിസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ ഏൽപ്പിക്കണം.

പരീക്ഷയുടെ ചോദ്യക്കടലാസ്സും ഉത്തരം എഴുതുന്നതിനുള്ള പേപ്പറും പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്. യു.എസ്.എസ് പരീക്ഷ നടത്തുന്ന അതേ വിധത്തിൽ ഈ പരീക്ഷയും നടത്തേണ്ടതാണ്. ഇതിലേയ്ക്ക് പ്രത്യേക ഹാൾടിക്കറ്റ് നൽകുന്നതല്ല. *സ്ക്രീനിംഗ് ടെസ്റ്റ് എഴുതുന്ന വിദ്യാർത്ഥികൾക്ക് യു.എസ്.എസ് പരീക്ഷയുടെ ഹാൾടിക്കറ്റിൽ 23/01/2010 സ്ക്രീനിംഗ് ടെസ്റ്റ് എന്നു കൂടി രേഖപ്പെടുത്തി നൽകേണ്ടതാണ്.* **ഉത്തരക്കടലാസുകൾ പരീക്ഷാ സെക്രട്ടറിയുടെ പേർക്ക് അയയ്ക്കുമ്പോൾ കവറിന് പുറത്ത് സ്ക്രീനിംഗ് ടെസ്റ്റ് 2010 എന്ന് രേഖപ്പെടുത്തി, എ.ഇ.ഒ കോഡും ഉപജില്ലയുടെ പേരും രേഖപ്പെടുത്തേണ്ടതാണ്.**

പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി

യു.എസ്.എസ്. പരീക്ഷ, ഗിഫ്റ്റഡ് ചിൽഡ്രൻ സ്ക്രീനിംഗ് ടെസ്റ്റ് 2010 പ്രവർത്തന കലണ്ടർ

ക്രമ നമ്പർ	പ്രവർത്തനം	തീയതി
1	വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് പ്രഖ്യാപിക്കേണ്ട തീയതി	13/10/2009
2	വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് ലിസ്റ്റ് പരീക്ഷാസെക്രട്ടറിക്കു നൽകേണ്ട തീയതി	25/10/2009
3	പരീക്ഷയ്ക്ക് തെരഞ്ഞെടുത്ത കുട്ടികളുടെ ലിസ്റ്റ് പ്രഥമാദ്ധ്യാപകൻ പരീക്ഷാകേന്ദ്രം ചീഫ് സൂപ്രണ്ടിനു നൽകേണ്ട തീയതി	10/11/2009
4	പരീക്ഷാകേന്ദ്രം ചീഫ് സൂപ്രണ്ടുമാർ തെരഞ്ഞെടുത്ത കുട്ടികളുടെ ലിസ്റ്റ് ഏകോപിപ്പിച്ച് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകേണ്ട തീയതി	13/11/2009
5	ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ തങ്ങളുടെ ഉപജില്ലയിൽ നിന്നും ലഭിച്ച ലിസ്റ്റ് പരീക്ഷാ കമ്മീഷണറുടെ ആഫീസിൽ എത്തിക്കേണ്ട അവസാന തീയതി	24/11/2009
6	രജിസ്റ്റർ നമ്പർ അനുവദിച്ചുള്ള പരീക്ഷാർത്ഥികളുടെ ലിസ്റ്റ് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് എത്തിക്കുന്ന തീയതി	22/12/2009
7	യു.എസ്.എസ് പരീക്ഷാ തീയതി	30/01/2010
8	സ്ക്രീനിംഗ് ടെസ്റ്റ് പരീക്ഷാ തീയതി	23/01/2010